(സി) കൺസോളിഡേറ്റ് ചെയ്ത കേന്ദ്ര വായ്പായിനത്തിൽ ബാക്കി നിൽക്കുന്ന തുക എഴുതി തള്ളാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 14-ാം ധനകാര്യ കമ്മീഷൻ 2015-16, 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാനത്തിന് Revenue Deficit Grant ആയി ശിപാർശ ചെയ്ത യഥാക്രമം 4640, 3350, 1529 കോടി രൂപയും പ്രതീക്ഷിക്കുന്നു.

(ഡി) 31-1-2014-ൽ സംസ്ഥാനത്തിന്റെ പൊതുകടം 119009.07 കോടി രൂപയായിരുന്നു.

(ഇ) 2014-15 സാമ്പത്തിക വർഷത്തിൽ 31-1-2015 വരെ വിവിധ മേഖലകളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 31-12-2014 വരെ ലഭ്യമായ അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കനുസരിച്ച് 2014-15 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ 5687.50 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

195 (541) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പ്രതീക്ഷിത നികുതി വരുമാനം എത്രയായിരുന്നു ;

(ബി) നികുതി വരുമാനത്തിന്റെ ലക്ഷ്യം കൈവരിക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) പദ്ധതിച്ചെലവിനത്തിൽ നടപ്പുസാമ്പത്തിക വർഷം ലക്ഷ്യം കൈവരിക്കാൻ കഴിയുമോ ?

ഉത്തരം

(എ) കേന്ദ്ര നികുതിയിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന വിഹിതം ഉൾപ്പെടെ ആകെ 51832.85 കോടി രൂപയാണ് 2014-15 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതീക്ഷിത നികുതി വരുമാനം.

(ബി) 2014-15-ലെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന സർക്കാരിനു ലഭിക്കേണ്ടുന്ന കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാകുമെന്നു കാണുന്നു. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തിന്റെ ശേഷിക്കുന്ന കടമെടുപ്പ് പരിധിയിൽ നിന്നുകൊണ്ടും ലഭ്യമാകാൻ സാദ്ധ്യതയുള്ള വരുമാനം കൊണ്ടും നടപ്പു സാമ്പത്തിക വർഷം പദ്ധതി ചെലവിൽ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

196 (542) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ, സാമ്പത്തിക പ്രതിസന്ധി കാരണം മാറ്റിവച്ചവ ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശങ്ങളിലുള്ളതടക്കം, സംസ്ഥാനത്ത് പ്രഖ്യാപിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനും, പശ്ചാത്തല സൗകര്യ വികസനത്തിനും അധിക വിഭവ സമാഹരണം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 2015 ജനുവരി 31 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 44971.34 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ലഭിച്ച 38014.94 കോടി രൂപയേക്കാൾ 18.29% കൂടുതലാണ്. ഇതേ കാലയളവിൽ റവന്യൂ ചെലവ് 54469.46 കോടി രൂപയാണ്. ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവായ 41806.10 കോടി രൂപയേക്കാൾ 30.29% കൂടുതലാണ്. 2015 ജനുവരി 31 വരെയുള്ള മൂലധനച്ചെലവ് (വായ്പകളും മുൻകൂറുകളും ഉൾപ്പെടെ) 3463.05 കോടി രൂപയാണ്. റിസർവ് ബാങ്കിന്റെ കണക്കുകൾ പ്രകാരം 28-2-2015-ൽ ട്രഷറി ബില്ലുകളിലായി 494.69 കോടി രൂപ നിക്ഷേപമുണ്ട്.

(ബി) നടപ്പു സാമ്പത്തിക വർഷം പ്രഖ്യാപിച്ച പദ്ധതികളിൽ ഒന്നുംതന്നെ സാമ്പത്തിക പ്രതിസന്ധി കാരണം മാറ്റിവച്ചിട്ടില്ല.

(സി) സംസ്ഥാനത്തെ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമായ മൂലധനം ധനവിപണിയിൽ നിന്ന് സമാഹരിക്കുവാനായി 16-1-2015-ലെ സ.ഉ.(പി)നമ്പർ 33/2015/ധന. പ്രകാരം മുഖ്യമന്ത്രി അദ്ധ്യക്ഷനായി മന്ത്രിമാരടങ്ങുന്ന ഒരു എമ്പവേർഡ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ പ്രവർത്തനങ്ങൾക്കായി ചീഫ് സെക്രട്ടറി

LIBRARY ARCHIVES Kerala Legislative Assembly